എ3-1797/94

ഫോറസ്റ്റ് കൺസർവേറ്റർ ആപ്പീസ്,
സെൻട്രൽ സർക്കിൾ, തൃശ്ശൂർ - 20,
തീയതി 3-3-1994.

## സർക്കുലർ നംപർ , 3/94

വിഷയം :- കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിറ്റ് റൂൾസ് 1975 - സംബന്ധിച്ച്

കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിറ്റ് റൂൾസ് നടപ്പാക്കുന്നതിൽ പലപ്പോഴും ക്രമവിരുദ്ധമായ ചില നടപടിക്രമങ്ങൾ പല ഓഫീസുകളിലും അനുവർത്തിച്ചു പോരുന്നതായി എന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതു സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ താങ്കളുടെ അറിവിനും അനന്തര നടപടികൾക്കും ആയി നൽകുന്നു.

കെ. എഫ് പി ടി. റൂൾസിലെ ചില പ്രധാന വ്യവസ്ഥകൾ താങ്കളുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു. റൂൾ 3 പ്രകാരം വനവിഭവങ്ങൾ കടത്തികൊണ്ടു പോകുന്നതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകുന്ന പാസ് ഉണ്ടായിരിക്കണം . അതുപോലെ തന്നെ തടികളിൽ സർക്കാർ മുദ്രയും രജിസ്റ്റർ ചെയ്ത പ്രോപ്പർട്ടി മാർക്ക് ഉണ്ടെങ്കിൽ അതും പതിച്ചിരിക്കേണ്ടതാണ്. സംസ്ഥാനത്തിന് വെളിയിൽ വനവിഭവങ്ങൾ കൊണ്ട് പോകുന്നതിന് ചുവന്ന നിറത്തിൽ ഉള്ള കടലാസ്സിൽ അച്ചടിച്ച ഫോറം 111 എക്സ്പോർട്ട് വേ പെർമിറ്റ് ആവശ്യമാണ്. ഇത്തരം പാസ്സ് നൽകുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്കോ, ചീഫ് കൺസർവേറ്റർ അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥർക്കോ ഉണ്ടായിരിക്കും. സർക്കാർ ഡിപ്പോകളിൽ നിന്നോ, കൂപ്പുകളിൽ നിന്നോ, തടികൾ കൊണ്ടു പോകുന്നതിനുള്ള പാസ്സ് വെള്ള നിറത്തിലുള്ള കടലാസിൽ അച്ചടിച്ചതായിരിക്കും. സ്വകാര്യ സ്ഥലങ്ങളിൽ ഉള്ള വനവിഭവങ്ങൾ ശേഖരിച്ച് കൊണ്ടു പോകുന്നതിനുള്ള പാസ്സ് മഞ്ഞ കടലാസ്സിൽ അച്ചടിച്ചതായിരിക്കും.

തേക്ക്, വീട്ടി, ചന്ദനം, എബണി എന്നിവ ഒഴിച്ചുള്ള മരങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട വില്ലേജാഫീസർക്ക് നൽകിയിരിക്കണം. വില്ലേജാഫീസർ അത് റൂൾ 4 (സി) യിൽ നിർദ്ദേശിക്കുന്ന സർട്ടിഫിക്കറ്റോടുകൂടി റെയിഞ്ചാഫീസർക് നൽകണം. റെയിഞ്ചാഫീസർ അത് പരിശോധിച്ച് ശേഷം മാത്രം അതിൽ പാസ്സ് നൽകേണ്ടതാണ് . എന്നാൽ റിസർവ് വനം ഉള്ള വില്ലേജിലോ, അല്ലെങ്കിൽ റിസർവ് വനത്തിനടുത്തു കിടക്കുന്ന വില്ലേജിലോ ആണ് വനവിഭവ ശേഖരണം എങ്കിൽ അത്തരം ശേഖരണത്തിന്റെ സത്യാവസ്ഥ റെയിഞ്ചാഫീസർ പാസ്സ് കൊടുക്കുന്നതിനു മുമ്പ് പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്. (4 (ഡി) (സി)) യാതൊരു കാരണവശാലും പാസ്സിന്റെ കാലാവധി 3 മാസത്തിലധികം നൽകരുത് (4 (ഡി)) അവധി നീട്ടി കിട്ടാനുള്ള അപേക്ഷകൾ എല്ലാം പുതിയ അപേക്ഷയായി കണക്കാക്കേണ്ടതാണ്. (4 (എഫ്) )

വിറക്, കരി, മുള, ഈറ്റ ഈഞ്ച തുടങ്ങിയ വനവിഭവങ്ങൾ സർക്കാർ റിസർവ് വനങ്ങളിൽ നിന്നോ , സർക്കാർ ഭൂമിയിൽ നിന്നോ ശേഖരിച്ചു നീക്കം ചെയ്യുമ്പോൾ സീനിയറേജ് വില വാങ്ങി ഫോം VII പാസ്സ് റെയിഞ്ചറാഫീസർ നൽകേണ്ടതാണ്. പാസ്സിൽ രേഖപ്പെടുത്തിയ റൂട്ടിൽ മാറ്റം വരാൻ പാടില്ല. അങ്ങനെ റൂട്ട് മാറിയാൽ നിയമാനുസൃതം നടപടിക്ക് വിധേയമാകും (10 (2) ) ഒരു പാസ്സ് ഒന്നിലധികം വിധത്തിലുള്ള ട്രാൻസ്പോർട്ടിന് നൽകരുത് (ഉദാഹരണം തള്ളുവണ്ടി, കാളവണ്ടി , ലോറി, വാഗൺ)

തേക്ക്, ഈട്ടി , എബണി എന്നിവ കടത്തി കൊണ്ടു പോകുന്നതിനുള്ള പാസ്സ് റൂൾ 4 (2) പ്രകാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകേണ്ടതാണ് . തടികൾ റെയിഞ്ചാഫീസർ പരിശോധിച്ച ശേഷം റൂൾ 4 (2) (ഡി) ൽ കൊടുക്കുന്ന വിധത്തിലുള്ള സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഡിവിഷണൽ ഫോറസ്റ്റാഫീസർ അനുവദിച്ച് നൽകുന്ന പാസ്സ് റെയിഞ്ചാഫീസർക്ക് അയക്കേണ്ടതും റെയിഞ്ചാഫീസറുടെ സാന്നിദ്ധ്യത്തിൽ തടികൾ സർക്കാർ മുദ്ര അടിച്ച ശേഷം മാത്രം പാസ് അതു അനുവദിച്ച വ്യക്തിക്ക് നൽകേണ്ടതുമാണ്.

സ്വകാര്യ സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച് തേക്ക്, ഈട്ടി, ചന്ദനം, എബണി എന്നിവ ഒഴിച്ചുള്ള വന വിഭവങ്ങൾക്ക് ആ പ്രദേശത്തെ അധികാരമുള്ള റെയിഞ്ചാഫീസർക്ക് പാസ്സ് നൽകാവുന്നതാണ്. ഇപ്രകാരം അനുവദിക്കുന്ന പാസ്സ് റെയിഞ്ചാഫീസ് നേരിട്ടോ, അല്ലെങ്കിൽ അധികാരപ്പെടുത്തിയ സംരക്ഷണ വിഭാഗം ജീവനക്കാരനോ വനവിഭവം പരിശോധിച്ച് സർക്കാർ ചാപ്പ അടിച്ച ശേഷം മ◌ാത്രമേ അപേക്ഷകന് നൽകാൻ പാടുള്ളൂ. (സബ് റൂൾ 4 (4) (ഡി) കാണുക ) അപ്രകാരം സ്വകാര്യ സ്ഥലങ്ങളിൽ നിന്നും കൊണ്ടു പോകുന്നതിന് പാസ് ആവശ്യമില്ലാത്ത മരങ്ങളുടെ ലിസ്റ്റ് റൂൾ 4 (4) എ ൽ താഴെ കൊടുത്തിട്ടുണ്ട് . പാസ്സുകൾ

അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ സ്ഥലത്തിന്റെ സർവ്വേ നമ്പർ വിസ്തീർണ്ണം /ബന്ധപ്പെട്ട താലൂക്ക്/ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ അവശ്യം ആവശ്യമായി ഉണ്ടായിരിക്കേണ്ടതാണ് . കേരള വൃക്ഷ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന മരങ്ങൾ മുറിക്കുമ്പോൾ ആ നിയമപ്രകാരമുള്ള അനുമതി പത്രം ഉണ്ടായിരിക്കേണ്ടതാണ്. സബ് റൂൾ 4 (5) പ്രകാരം വനവിഭവങ്ങൾ ശേഖരിക്കുന്ന സ്ഥലത്തിന്റെ അതിരുകൾ വ്യക്തമായും കൃത്യമായും പരിശോധിച്ചിരിക്കേണ്ടതാണ്.. സബ് റൂൾ 4 (6) പ്രകാരം പാസ്സിനുള്ള അപേക്ഷ കിട്ടിയാൽ ഒരു മാസത്തിനകം അപേക്ഷയിൻമേൽ അന്തിമ തീരുമാനം കൈകൊള്ളേണ്ടതാണ്. സബ് റൂൾ 4 (6)പ്രകാരം പാസ്സിനുള്ള അപേക്ഷ കിട്ടിയാൽ ഒരു മാസത്തിനകം അപേക്ഷയിൻമേൽ അന്തിമ തീരുമാനം കൈകൊള്ളേണ്ടതാണ് . സബ് റൂൾ 4 (7) ൽ പാസ്സുകളുടെ കാലാവധി നീട്ടുന്നതിനുള്ള വിശദാംശങ്ങൾ നൽകിയിട്ടുണ്ട് . സബ് റൂൾ 4 (2) (4) എന്നിവ പ്രകാരം തേക്കിനും , ഈട്ടിയ്ക്കും , എബണിയ്ക്കും ചന്ദനത്തിനും നൽകിയ പാസ്സുകളുടെ കാലാവധി യാതൊരു കാരണവശാലും 6 മാസത്തിനപ്പുറം നീട്ടി കൊടുക്കുവാൻ പാടുള്ളതല്ല. 6 മാസത്തിനപ്പുറം കാലാവധി നീട്ടാനുള്ള അപേക്ഷ പുതിയ പാസ്സിനുള്ള അപേക്ഷയായി പരിഗണിക്കേണ്ടതുണ്ട്. തേക്ക്, ഈട്ടി, ചന്ദനം, എബണി, എന്നിവയൊഴിച്ചുള്ള വന വിഭവങ്ങൾ കടത്തികൊണ്ടു പോകുന്നതിനുള്ള പാസിന്റെ കാലാവധി നീട്ടി കൊടുക്കുവാൻ പാടുള്ളതല്ല. ഇപ്രകാരം കാലാവധി നീട്ടുന്നതിനുള്ള അപേക്ഷ പുതിയ പാസിനുള്ള അപേക്ഷയായി പരിഗണിക്കേണ്ടതുണ്ട്.

മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വനവിഭവങ്ങൾ കൊണ്ടു വരുന്നതിന് അനുവദിച്ച പസ്സിന് നമ്മുടെ സംസ്ഥാനത്തിലെ ആദ്യത്തെ ചെക്ക് പോസ്റ്റ് എത്തുന്നതുവരെ മാത്രമേ സാധുത ഉണ്ടായിരിക്കുകയുള്ളു. ആദ്യത്തെ ചെക്ക് പോസ്റ്റിൽ ഈ പാസ്സ് സമർപ്പിക്കേണ്ടതും അതിനു പകരം ഫോം IV (ചുവപ്പു പ്രകാരമുള്ള പാസ്സ് നൽകേണ്ടതപുമാണ്. (റൂൾ 5 കാണുക)

എല്ലാ കോളങ്ങളും കൃത്യമായി പൂരിപ്പിക്കുകയും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ തീയതിയും സർക്കാർ മുദ്രയും വെച്ച് ഒപ്പിടുകയും ചെയ്യാത്ത പാസ്സിന് സാധുത ഉണ്ടായിരിക്കുന്നതല്ല. ഓരോ റെയിഞ്ചിന്റെയും സർക്കാർ ചാപ്പയുടെ മുദ്ര പാസ്സുകളിൽ അടയാളപ്പെടുത്തേണ്ടതാണ്. ഓരോ ലോഡിനും ഓരോ പാസ്സ് വീതം നൽകേണ്ടതാണ്.

പാസ്സ് നൽകുന്ന തീയതിയും, പാസ്സിന്റെ കാലാവധി അവസാനിക്കുന്ന തീയതിയും അക്കത്തിലും അക്ഷരത്തിലും എഴുതിയിരിക്കേണ്ടതാണ്. പാസ്സിന്റെ കാലാവധി ഒരു പ്രത്യേക തീയതിവരെ എന്ന് കൃത്യമായി എഴുതേണ്ടതാണ്. തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ പാസ്സ് അനുവദിക്കുന്ന ഉദ്യോഗസ്ഥൻ അത തന്റെ ഒപ്പ് സഹിതം സാക്ഷ്യപ്പെടുത്തേണ്ടതാണ്.

പാസ്സിന് അനുവദിക്കുന്ന കാലാവധി, വനവിഭവങ്ങൾ കയറ്റികൊണ്ട് പോകുന്നതിന് ആവശ്യമായ ചുരുങ്ങിയ കാലാവധി ആയിരിക്കണം. അത്യാവശ്യമായതിൽ കൂടുതൽ കാലാവധി നൽകാൻ പാടുള്ളതല്ല. 200 കി. മീ. വരെ കൊണ്ടു പോകുന്നതിന് രണ്ടു ദിവസവും, അതിൽ കൂടുതൽ ദൂരത്തിന് 3 ദിവസവും മതിയാകും, മൂന്നു ദിവസത്തിൽ കൂടുതൽ കാലാവധി സാധാരണ രീതിയിയിൽ ആവശ്യമായി വരികയില്ല. കാരണം 3 ദിവസം തുടർച്ചയായി യാത്ര ചെയ്താൽ സംസാഥാനാതിർത്തിയിൽ എത്തുന്നതാണ്.

തടികളുടെ അളവുകൾ, നംപർ, നീളം X വണ്ണം = ക്യൂ. മീറ്റർ എന്ന രീതിയിൽ കൃത്യമായി പാസിന്റെ പുറകിൽ എഴുതി ചേർക്കേണ്ടതാണ്. പാസ്സിന്റെ മറുവശത്ത് ചേർക്കാൻ പറ്റാത്ത ഉല്പന്നങ്ങൾ ഉണ്ടെങ്കിൽ ആയതു പ്രകാരം ലിസ്റ്റിൽ എഴുതുകയും ഓരോ പേജിലും റെയിഞ്ചാഫീസർ സീൽ വെച്ച് ഒപ്പിടുകയും ചെയ്യേണ്ടതാണ്.

വിറകാണ് വിഭവമങ്കെിൽ അട്ടിവെച്ച വിറകിന്റെ നീളം X വീതി X ഉയരം = ക്യൂ മീറ്റർ. എന്ന രീതിയിൽ എഴുതേണ്ടതാണ്.

മുളയുടേയും, ഈറ്റയുടേയും കഴകളുടേയും എണ്ണം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഒരു ലോഡിൽ കൊള്ളാവുന്ന എണ്ണത്തിന് മാത്രമേ പാസ്സ് നൽകൂ.

മറ്റു വനവിഭവങ്ങളുടെ കാര്യത്തിൽ അവ എത്ര ടൺ / ക്വിന്റൽ ഉണ്ടെന്നും അവ എത്ര കെട്ടുകൾ / ചാക്കുകൾ ആയിട്ടാണെന്നും എഴുതേണ്ടതാണ്. (ഉദാ..... ചാക്കുകളിലായി ......ടൺ/ ക്വിന്റൽ കുന്തിരിക്കം ... പാട്ടകളിലായി ..... കിലോഗ്രാം തേൻ എന്നിങ്ങനെ)

തേക്ക്, ഈട്ടി, ചന്ദനം, എബണി എന്നീ മരങ്ങൾക്കു വേണ്ടിയുള്ള പാസ്സിന് അപേക്ഷ ലഭിച്ചാൽ അതു റെയിഞ്ചാഫീസർ തന്നെ നേരിൽ പരിശാധിക്കേണ്ടതും , ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ തന്നെയുള്ള സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ അനുവദിച്ചു നൽകുന്ന പാസ്സ് ചട്ടങ്ങൾ അനുശാസിക്കുന്നവിധം തന്നെ കീഴ് ഉദ്യോഗസ്ഥൻമാർക്ക് നൽകാവുന്നതും, കീഴുദ്യോഗസ്ഥൻ തടികൾ

കയറ്റി കൊണ്ടുപോകുന്ന സമയത്ത് പാസ്, വനവിഭവം പരിശോധിച്ച് ചാപ്പ അടിച്ച് വിടേണ്ടതു മാണ്. മോട്ടോർ വാഹനങ്ങളിലാണ് വനവിഭവങ്ങൾ കൊണ്ടു പോകുന്നത് എങ്കിൽ ആ വാഹന ത്തിന്റെ നമ്പരും, പതിച്ചു വിടുന്ന സമയവും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

ഫ്രീ പാസ്സു നൽകുന്നത് സംബന്ധിച്ചുള്ള രജിസ്റ്റർ ഈ ഓഫീസിൽ നിന്നും നൽകിയിട്ടുള്ള നിർദ്ദേശപ്രകാരം എഴുതി സൂക്ഷിച്ചിരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട ജീവനക്കാരൻ മേൽ നടപടികകൾക്ക് വിധേയനായിരിക്കുമെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിച്ചുകൊള്ളുന്നു.

ടി എം മിനോഹരൻ ,
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
തൃശ്ശൂർ .

പകർപ്പ് എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും/
എല്ലാ ഫോറസ്റ്റ് റെയിഞ്ച് ഓഫീസർമാർക്കും.